**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 373** **08-08-2023 - ൽ മറുപടിയ്ക്ക്**

**ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിൽ സ്പാർക്ക് അധിഷ്ഠിത പ്ലാറ്റ്ഫോം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിൽ ഉൾപ്പെടുന്ന ജീവനക്കാർക്ക് സ്പാർക്ക് അധിഷ്ഠിത ശമ്പള വിതരണ സംവിധാനം നടപ്പിലാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | നടപ്പ സാമ്പത്തിക വർഷം (2023-24) അഞ്ചു വകുപ്പുകളും അതത് വകുപ്പിന്റെ ശീർഷകത്തിൽ നിന്നാണ് സ്പാർക്ക് മുഖേന ശമ്പളവിതരണം നടത്തുന്നത്. ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിൽ പൊതു ശീർഷകം (Single Head of Account) ആകുന്ന മുറയ്ക്ക് എല്ലാ ജീവനക്കാർക്കും സ്പാർക്ക് അധിഷ്ഠിത ശമ്പളവിതരണം നടപ്പിലാക്കാൻ സാധിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.<br><br>മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാർക്ക് നിലവിൽ പെൻ നമ്പർ അനുവദിച്ചിട്ടില്ലാത്തതിനാൽ നഗരകാര്യ വിഭാഗത്തിന് അനുവദിച്ചിട്ടുള്ള ശീർഷകമായ 2217-80-001-99-00-01-01 ൽ ഉൾപ്പെടുത്തി അർബൻ ഡയറക്ടറേറ്റിലെ ശമ്പളവിതരണം നടത്തുന്ന ഡി.ഡി.ഒ മുഖേന ശമ്പളവിതരണം ചെയ്യാനും ജില്ലകളിൽ സ്പാർക്ക് മുഖേന ശമ്പളവിതരണം നടത്തുന്ന ഓഫീസുകളിൽ നിയമിക്കപ്പെട്ടിട്ടുള്ള മേൽ പരാമർശിച്ച ജീവനക്കാരെ പഞ്ചായത്ത് വിഭാഗത്തിന് അനുവദിച്ചിട്ടുള്ള ശീർഷകമായ 2515-00-001-99-00-01-01 ൽ ഉൾപ്പെടുത്തി ജില്ലാതലത്തിൽ കേന്ദ്രീകൃതമായി ജോയിന്റ് ഡയറക്ടറേറ്റുകളിലെ പഞ്ചായത്ത് വിഭാഗത്തിന്റെ DDO മുഖേന ശമ്പള വിതരണം നടത്തുകയും ചെയ്യേണ്ടതാണ് എന്നും നിർദ്ദേശിച്ചിട്ടുണ്ട്.<br><br>സ്പാർക്ക് മുഖേന ശമ്പളം മാറുന്ന ഓഫീസിൽ നിന്ന് സ്പാർക്ക് മുഖേന തന്നെ ശമ്പളം മാറുന്ന ഓഫീസിലേക്ക് സ്ഥലംമാറ്റം ലഭിക്കുന്ന ഉദ്യോഗസ്ഥരെ സ്പാർക്കിലെ ഇന്റർ ഡിപ്പാർട്ട്മെന്റ് ട്രാൻസ്ഫർ എന്ന ഓപ്ഷൻ മുഖേന ട്രാൻസ്ഫർ ചെയ്ത് ശമ്പളം മാറുന്നതിനും സ്പാർക്ക് മുഖേന ശമ്പളം മാറുന്ന ഓഫീസിൽ നിന്ന് കോർപ്പറേഷൻ, |

| | | | |
|---|---|---|---|
| | | | മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ ജോയിൻ ചെയ്ത ജീവനക്കാർക്ക് അതത് തദ്ദേശ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും ശമ്പളം മാറുന്നതിന് എല്ലാ D.D.O മാർക്കും നിർദ്ദേശം നൽകിയിട്ടുള്ളതായും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | തദ്ദേശസ്വയംഭരണ ഏകീകൃത പൊതു സർവ്വീസും ഇന്റർ ട്രാൻസ്ഫർ പോളിസിയും നടപ്പിലാക്കിയ സാഹചര്യത്തിൽ നിലവിലുള്ള വ്യത്യസ്ത പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടുകൾ (പഞ്ചായത്ത് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്/മുനിസിപ്പൽ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്/ജി.പി.എഫ്.) ഏകീകരിച്ച് പൊതുവായി ജി.പി.എഫ്. അക്കൗണ്ട് ആക്കി മാറ്റാൻ നടപടികൾ സ്വീകരിക്കുമോ; ഈ വിഷയത്തിൽ ധനവകുപ്പിന്റെ അഭിപ്രായം ലഭിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു. |
| (സി) | സ്പാർക്ക് അധിഷ്ഠിത പ്ലാറ്റ്ഫോം ലഭ്യമല്ലാത്തതിനാൽ ഇന്റർ ട്രാൻസ്ഫർ പോളിസി പ്രകാരം 5 വകുപ്പുകളിലേക്കും പരസ്പരം സ്ഥലംമാറ്റം ചെയ്യപ്പെട്ട ജീവനക്കാർ നേരിടുന്ന പ്രതിസന്ധികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ; | (സി) | നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | മുഴുവൻ ജീവനക്കാർക്കും സ്പാർക്ക് അധിഷ്ഠിത പ്ലാറ്റ്ഫോം, ഏകീകൃത പി.എഫ്. എന്നിവ നടപ്പിലാക്കണമെന്ന് 19.05.22-ൽ പ്രിൻസിപ്പൽ ഡയറക്ടർ നൽകിയ വ്യക്തമായ ശിപാർശയിൽമേൽ ഒരു വർഷം കഴിഞ്ഞിട്ടും നയപരമായ തീരുമാനം കൈക്കൊള്ളുവാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (ഡി) | ഈ വിഷയം സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു. |
| (ഇ) | ഇന്റർ ട്രാൻസ്ഫർ പോളിസിയിൽ സ്ഥലംമാറ്റം ലഭിച്ച ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനം നൽകാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ഇതു സംബന്ധിച്ച ആക്ഷേപങ്ങൾ പരിഹരിച്ച് വകുപ്പിനെ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ; | (ഇ) | ഇന്റർ ട്രാൻസ്ഫർ പോളിസിയിൽ സ്ഥലംമാറ്റം ലഭിച്ച ഉദ്യോഗസ്ഥർക്ക് കിലയുമായി (Kerala Institute of Local Administration) ബന്ധപ്പെട്ട് പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (എഫ്) | ഇന്റർ ട്രാൻസ്ഫർ പോളിസിയുടെ ഭാഗമായി മുനിസിപ്പൽ/കോർപ്പറേഷൻ ജീവനക്കാർ പഞ്ചായത്ത്/ഗ്രാമവികസന വകുപ്പിന് കീഴിലുള്ള ഓഫീസുകളിൽ നിന്നും വിരമിക്കുമ്പോൾ നൽകേണ്ട പെൻഷൻ, മറ്റ് സർവ്വീസ് ആനുകൂല്യങ്ങൾ എപ്രകാരം അനുവദിക്കുമെന്ന് വ്യക്തമാക്കാമോ? | (എഫ്) | ഈ വിഷയം സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ